# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/164/2017 <u>പത്രക്കുറിപ്പ്</u> 2017 ആഗസ്റ്റ് 05

**പരീക്ഷമാറ്റി**

ആഗസ്റ്റ് 7 ന് നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ യു. ജി (സി. ബി. സി. എസ്. എസ് - 2013 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷയുടെ കോംപ്ലിമെന്ററി കോഴ്സ് മാത്തമാറ്റിക്സ് - ഇന്റഗ്രൽ കാൽക്കുലസ് ആന്റ് മാട്രിസെസ് (കോമൺ ഫോർ ഫിസിക്സ്, കെമിസ്ട്രി, പെട്രോകെമിക്കൽസ് ആന്റ് ജിയോളജി), കോമൺ കോഴ്സ് (ഓപ്ഷണൽ) ഫിസിക്സ് - ഇലക്ട്രിക് ആന്റ് മാഗ്നറ്റിക് ഫിനോമിന, തെർമോ ഡൈനാമിക്സ് ആന്റ് സ്പെഷ്യൽ തിയറി ഓഫ് റിലേറ്റിവിറ്റി (കോമൺ ഫോർ ബി. എസ്സി. മാത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് മോഡൽ ഒന്ന്) എന്നീ പേപ്പറുകളുടെ പരീക്ഷ ആഗസ്റ്റ് 21 ന് നടത്തുന്നതിനായി മാറ്റിവച്ചു. മറ്റുപരീക്ഷകൾക്ക് മാറ്റമില്ല.

**പരീക്ഷാഫലം**

2016 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി. എസ്സി. മോഡൽ ഒന്ന്, രണ്ട്, മൂന്ന് (സി. ബി. സി. എസ്. എസ് 2013 ന് മുൻപുള്ള അഡ്മിഷൻ റീ അപ്പിയറൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 17 വരെ സ്വീകരിക്കും.

2017 മെയ് മാസത്തിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി. ടെക് (റഗുലർ/സപ്ലിമെന്ററി), ഏഴാം സെമസ്റ്റർ ബി. ടെക് (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - പുതിയതും പഴയതും സ്കീം)മേഴ്സിചാൻസ് ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 21 വരെ സ്വീകരിക്കും.

**കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകൾ, എസ്. എം. ഇ, സ്റ്റാസ്, യൂ. സി. റ്റി. ഇ, യൂ. സി. ഇ, സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് എന്നിവയിലേക്കുള്ള ഈ അദ്ധ്യയന വർഷത്തെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് വിജ്ഞാപനം ചെയ്തു. പ്രാഥമിക വോട്ടർ പട്ടിക ആഗസ്റ്റ് 7 ന് 10 മണിക്കും അന്തിമ വോട്ടർ പട്ടിക ആഗസ്റ്റ് 8 ന് 4 മണിക്കും അതാത് കോളേജുകളിൽ പ്രസിദ്ധീകരിക്കും. നാമനിർദ്ദേശങ്ങൾ ആഗസ്റ്റ് 9 ന് 2 മണി വരെ സമർപ്പിക്കാം. വോട്ടെടുപ്പും, വോട്ടെണ്ണലും ആഗസ്റ്റ് 18 ന്. വിശദവിവരങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും www.mgu.ac.in എന്ന സർവ്വകലാശാലാ വെബ്സൈറ്റ് സന്ദർശിക്കുക.

**പി. ജി. ഡിപ്ലോമാ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വേജ് കോഴ്സ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ പ്രവർത്തിക്കുന്ന ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്ത്യൻ സൈൻ ലാംഗ്വേജിൽ ഒരുവർഷം ദൈർഘ്യമുള്ള പി. ജി. ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വേജ് കോഴ്സിന് ആഗസ്റ്റ് 16 വരെ അപേക്ഷിക്കാം. ആംഗ്യഭാഷാ പരിഭാഷകരാകാൻ യോഗ്യത നേടുന്ന ഈ കോഴ്സ് 2 സെമസ്റ്ററുകളിലായാണ് നടക്കുന്നത്. ജോലിയുള്ളവർക്ക് പാർട്ട്ടൈം ആയി 2 വർഷം കൊണ്ട് കോഴ്സ് പൂർത്തിയാക്കാം. ഏതെങ്കിലും വിഷയത്തിലുള്ള അംഗീകൃത ബിരുദമാണ് അടിസ്ഥാനയോഗ്യത. അപേക്ഷാ ഫോമിനും വിശദവിവരങ്ങൾക്കും www.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. പൂരിപ്പിച്ച അപേക്ഷകൾ, ഡയറക്ടർ, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്, മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് (പി. ഒ), കോട്ടയം - 686560 എന്ന വിലാസത്തിൽ സമർപ്പിക്കുക. വിശദവിവരങ്ങൾക്ക് ഫോൺ : 9946 226 638.

**<u>എം. ജി സ്കൂൾ ഓഫ് ലെറ്റേഴ്സ് : ഡോ. വി. സി. ഹാരീസിനെതിരെ ശിക്ഷാനടപടി സ്വീകരിച്ചിട്ടില്ല.</u>**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ലെറ്റേഴ്സിലെ ഡോ. വി. സി. ഹാരീസിനെ വകുപ്പു മേധാവി സ്ഥാനത്തു നിന്ന് സസ്പെന്റ് ചെയ്തതായി ചില പത്രങ്ങളിൽ വന്ന വാർത്ത അടിസ്ഥാനരഹിതമാണ്. അദ്ദേഹത്തിനെതിരെ ശിക്ഷാ നടപടികൾ സർവ്വകലാശാല സ്വീകരിച്ചിട്ടില്ല. വകുപ്പു മേധാവി സ്ഥാനം സ്ഥിരപദവിയല്ല. ഇത് ഭരണ സൗകര്യത്തിന് അനുയോജ്യരായവർക്ക് റൊട്ടേഷൻ വ്യവസ്ഥയിൽ മാറ്റി നൽകാറുണ്ട്. ഡോ. വി. സി. ഹാരീസ് സർവ്വകലാശാലയിലെ നാക് ടീം സന്ദർശനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നിസ്സഹകരിക്കുകയും സ്കൂൾ ഓഫ് ലെറ്റേഴ്സിലെ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുകയും ചെയ്തതായി പരാതി ഉയർന്നിരുന്നു. കൂടാതെ സർവ്വകലാശാലാ ഉത്തരവുകൾ നടപ്പാക്കുന്നതിലെ വീഴ്ചയും ഗുരുതരമായ അച്ചടക്ക ലംഘനങ്ങളും ഇദ്ദേഹത്തിനെതിരെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഡോ. ഹാരീസിനെതിരെ സിൻഡിക്കേറ്റംഗങ്ങളായ ഡോ. കെ. അലക്സാണ്ടർ,

ഡോ. എ. എം. തോമസ് എന്നിവരടങ്ങിയ സമതിയുടെ അന്വേഷണം നടന്നുവരികയാണ്. അന്വേഷണ വിധേയനായ വ്യക്തി എന്ന നിലയിൽ പഠനവകുപ്പിന്റെ സുഗമമായ പ്രവർത്തനത്തനങ്ങൾക്കായി ഇദ്ദേഹത്തെ വകുപ്പുമേധാവി സ്ഥാനത്തുനിന്നും താത്കാലികമായി മാറ്റി നിർത്തുകയാണുണ്ടായത്. എന്നാൽ ജോലിയിൽ തുടരുന്നതിനോ ശമ്പളം ലഭിക്കുന്നതിനോ യാതൊരുവിധ തടസ്സവുമുണ്ടാകുന്നില്ല. വിശദമായ അന്വേഷണ റിപ്പോർട്ട് ലഭിച്ച ശേഷം മാത്രമേ തുടർനടപടികൾ സർവ്വകലാശാല കൈക്കൊള്ളുകയുള്ളൂ.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**